**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 136** **31-08-2022 - ൽ മറുപടിയ്ക്ക്**

**റബ്ബർ വിലസ്ഥിരത ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | റബ്ബറിന്റെ വിലയിടിവ് സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | റബ്ബറിനൊപ്പം കാർബണും മറ്റ് രാസവസ്തുക്കളും ചേർത്ത മിശ്രിതമായ റബ്ബർ കോമ്പൗണ്ട് പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നതടക്കമുള്ള കേന്ദ്ര സർക്കാരിന്റെ നയങ്ങൾ റബ്ബറിന്റെ വിലയെ ഏതുതരത്തിലാണ് ബാധിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ കോമ്പൗണ്ട് റബ്ബറിന്റെ അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടി 10% ആണ്. റബ്ബറിനൊപ്പം കാർബണും മറ്റ് രാസവസ്തുക്കളും ചേർത്ത മിശ്രിതമായ കോമ്പൗണ്ടഡ് റബ്ബർ പ്രോത്സാഹിപ്പിക്കാൻ കേന്ദ്ര സർക്കാർ ഇറക്കുമതി നയങ്ങളിൽ മാറ്റം വരുത്തിയിട്ടില്ലെന്ന് റബ്ബർ ബോർഡ് അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഭാരതത്തിൽ കോമ്പൗണ്ട്ഡ് റബ്ബറിന്റെ ഇറക്കുമതി വർദ്ധിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത് 2017-18-ൽ വർഷത്തിൽ ഇന്ത്യയിൽ ഇറക്കുമതി ചെയ്ത കോമ്പൗണ്ട്ഡ് റബ്ബറിന്റെ കണക്ക് 54,428.52 ടണ്ണും, 2018-19 വർഷത്തിൽ 73,067.75 ടണ്ണും, 2019-20 വർഷത്തിൽ 101,702.93 ടണ്ണും, 2020-2021 വർഷത്തിൽ 95,566.15ടണ്ണും, , 2021-2022 വർഷത്തിൽ 114,637.98 ടണ്ണും, വർദ്ധിച്ചിട്ടുണ്ട് .<br><br>കഴിഞ്ഞ 5 വർഷത്തെ കണക്കിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര വില അന്തർ ദേശീയ വിപണിയിലെ വിലയേക്കാൾ കൂടി നിൽക്കുന്നതിനാൽ, കോമ്പൗണ്ട് റബ്ബറിന്റെ ഇറക്കുമതി സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര വിലയെ ബാധിച്ചില്ല എന്നാണ് റബ്ബർ ബോർഡ് അറിയിച്ചിട്ടുള്ളത്. വിഷയം സസൂക്ഷ്മം വീക്ഷിച്ചു വരുന്നു |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് റബ്ബർ വിലസ്ഥിരത ഫണ്ട് പ്രകാരമുള്ള കുറഞ്ഞ തുക 250 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, കിലോഗ്രാമിന് 150/- രൂപ എന്നത് 170/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബർ വില സ്ഥിരത ഫണ്ട് പ്രകാരം റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കുവാൻ കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ